**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1177** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പ് ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫിഷറീസ് വകുപ്പ് ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതൊക്കെയെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു.<br><br>ഈ സർക്കാരിന്റെ കാലത്ത് ഉദുമ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യഫെഡ് പ്രോജക്റ്റ് വിഭാഗം ഉദുമ മണ്ഡലത്തിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോട്ടികുളം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളും അവയുടെ തുകയും **അനുബന്ധം - III** ആയി ചേർക്കുന്നു.<br><br>കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന സഹകരണ സംഘങ്ങൾ വഴി അനുബന്ധം -III പ്രകാരമുള്ള വായ്പകൾ നൽകുകയും, അതുവഴി മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉദുമ മണ്ഡലത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

### 1.ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. ഈ പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെന്റ്, പലിശ സബ്സിഡി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/- രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20,000/- രൂപ) വരെ തുടർ ഘട്ടങ്ങളിൽ

അനുവദിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം - IV** ആയി ചേർക്കുന്നു.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. 2025 ഏപ്രിൽ മുതൽ ഡിസംബർ വരെ യൂണിറ്റുകൾക്ക് 2.53 ലക്ഷം രൂപ വിറ്റുവരവ് ലഭിക്കുകയും 882 പ്രവർത്തി ദിനങ്ങളിൽ ആയി 31500 രൂപ ഒരംഗത്തിന് വേതനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതി വഴി റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ള യൂണിറ്റുകൾ ഫണ്ട് കൃത്യമായി തിരിച്ചടക്കുകയും തുടർഘട്ടങ്ങളിൽ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ഉദുമ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യകൃഷി മേഖലയിൽ ജനകീയ മത്സ്യകൃഷി (JMK), പ്രധാനമന്ത്രി മത്സ്യ സമ്പാദയോജന (PMMSY) പദ്ധതികൾക്ക് കീഴിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യ കൃഷി പദ്ധതിയിൽ തിലാപ്പിയ സെമി ഇന്റെൻസീവ്, വരാൽ പടുത കൃഷി,പങ്കേഷ്യസ് പടുത കൃഷി,തിലാപ്പിയ RAS, തിലാപ്പിയ ബയോഫ്ലോക്ക്, വനാമി ബയോഫ്ലോക്ക്, കുളത്തിലെ കരിമീൻ, എക്സ്റ്റൻസീവ് കാർപ്പ്, അനാബസ് പടുത, അനാബസ് സെമി ഇൻറൻസീവ് തുടങ്ങിയ ഘടക പദ്ധതികളും പി.എം.എം.എസ്.വൈ പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ബയോഫ്ലോക്ക് ഫിഷ് ഫാമിംഗ്, എസ്റ്റാബ്ലിഷ്മെന്റ് ഓഫ് RAS, ത്രീ വീലർ വിത്ത് ഐസ് ബോക്സ്, ബയോ ഫ്ലോക്ക് ഇൻ പോണ്ട്, പ്രൊവൈഡിംഗ് FRP ബോട്സ് (റീ പ്ലെയ്സ്മെന്റ്) ആന്റ് നെറ്റ് ഫോർ ട്രെഡീഷണൽ ഫിഷർമെൻ, എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ബാക്ക് യാർഡ് ഫ്രഷ് വാട്ടർ ഓർണമെന്റൽ ഫിഷ് റിയറിംഗ് യൂണിറ്റ് തുടങ്ങിയ ഘടക പദ്ധതികളും ഉദുമ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് മറൈൻ സ്കീമുകളായ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി, ഇൻസുലേറ്റഡ് ഐസ് ബോക്സ്, സീ സേഫ്റ്റി കിറ്റുകൾ സ്ക്വയർമെഷ് കോഡ് എന്റ്, വാട്ടർ ടാങ്ക്, ചൂണ്ടയും നൂലും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കടൽത്തീരത്തു നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്ന പദ്ധതിയായ പുനർഗേഹം പദ്ധതിയും വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നതിനോടൊപ്പം പഞ്ഞമാസങ്ങളിൽ സമ്പാദ്യ സുരക്ഷിതത്വം കൂടി ഉറപ്പുവരുത്തുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനായി ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു.

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ PMMSY പദ്ധതി മുഖേന 27 ലക്ഷം രൂപയും JMK പദ്ധതി മുഖേന 52 ലക്ഷം രൂപയും ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പുനർഗേഹം പദ്ധതിയ്ക്കായി ഉദുമ മണ്ഡലത്തിലെ 59 ഗുണഭോക്താക്കൾക്കായി 3,86,56,865/-രൂപ അനുവദിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി താഴെ പറയുന്ന പ്രകാരമാണ്:

1.ഉൾനാടൻ മത്സ്യകൃഷി (JMK & PMMSY):ജനകീയ മത്സ്യകൃഷി (JMK), പി.എം.എം.എസ്.വൈ (PMMSY) പദ്ധതികൾ പ്രകാരം അനുവദിച്ച വിവിധ കൃഷി യൂണിറ്റുകൾ (ബയോഫ്ലോക്ക്, കുളങ്ങളിലെ മത്സ്യകൃഷി, കേജ് കൾച്ചർ) മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വിജയകരമായി പൂർത്തിയായി വരുന്നു. നിലവിലെ സാമ്പത്തിക വർഷത്തെ ഗുണഭോക്താക്കൾക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.

2. സമ്പാദ്യ സമാശ്വാസ പദ്ധതി: 2020-2025 കാലയളവിൽ 2200 ഗുണഭോക്താക്കൾക്കായി അനുവദിച്ച 4,61,52,000/- രൂപയുടെ വിതരണം പൂർത്തിയായിട്ടുണ്ട്. പുതിയ വർഷത്തെ അപേക്ഷകൾ സ്വീകരിച്ച് വരുന്നു.

3. ഉപകരണ വിതരണവും ഇൻഷുറൻസും: ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ, സീ സേഫ്റ്റി കിറ്റുകൾ, വാട്ടർ ടാങ്ക്, ചൂണ്ടയും നൂലും തുടങ്ങിയവയുടെ വിതരണം ഗുണഭോക്തൃ പട്ടിക പ്രകാരം പൂർത്തിയായിട്ടുണ്ട്. യാനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്ന നടപടികൾ കൃത്യമായി നടന്നു വരുന്നു.

4. പുനർഗേഹം പദ്ധതി: മണ്ഡലത്തിലെ തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ഗുണഭോക്താക്കളിൽ അർഹരായവരെ കണ്ടെത്തി ഭൂമി വാങ്ങുന്നതിനും വീട്

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനുമുള്ള ധനസഹായം ഘട്ടംഘട്ടമായി അനുവദിച്ചു വരുന്നു.<br><br>5. ബോധവൽക്കരണ ക്ലാസ്സുകൾ: സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ മണ്ഡലത്തിലെ വിവിധ തീരദേശ കേന്ദ്രങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു.<br><br>ഈ സർക്കാരിന്റെ കാലത്ത് ഉദുമ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യഫെഡ് പ്രോജക്റ്റ് വിഭാഗം ഉദുമ മണ്ഡലത്തിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോട്ടികുളം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളും അവയുടെ തുകയും **അനുബന്ധം - III** ആയി ചേർക്കുന്നു.<br><br>കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന സഹകരണ സംഘങ്ങൾ വഴി അനുബന്ധം -III പ്രകാരമുള്ള വായ്പകൾ നൽകുകയും, അതുവഴി മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉദുമ മണ്ഡലത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1.ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)**<br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) |

വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. ഈ പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെന്റ്, പലിശ സബ്സിഡി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)**

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/- രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20,000/- രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം - IV** ആയി ചേർക്കുന്നു.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. 2025 ഏപ്രിൽ മുതൽ ഡിസംബർ വരെ യൂണിറ്റുകൾക്ക് 2.53 ലക്ഷം

രൂപ വിറ്റുവരവ് ലഭിക്കുകയും 882 പ്രവർത്തി ദിനങ്ങളിൽ ആയി 31500 രൂപ ഒരംഗത്തിന് വേതനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതി വഴി റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ള യൂണിറ്റുകൾ ഫണ്ട് കൃത്യമായി തിരിച്ചടക്കുകയും തുടർഘട്ടങ്ങളിൽ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ഉദുമ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യകൃഷി മേഖലയിൽ ജനകീയ മത്സ്യകൃഷി (JMK), പ്രധാനമന്ത്രി മത്സ്യ സമ്പാദയോജന (PMMSY) പദ്ധതികൾക്ക് കീഴിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യ കൃഷി പദ്ധതിയിൽ തിലാപ്പിയ സെമി ഇന്റെൻസീവ്, വരാൽ പടുത കൃഷി,പങ്കേഷ്യസ് പടുത കൃഷി,തിലാപ്പിയ RAS, തിലാപ്പിയ ബയോഫ്ലോക്ക്, വനാമി ബയോഫ്ലോക്ക്, കുളത്തിലെ കരിമീൻ, എക്സ്റ്റൻസീവ് കാർപ്പ്, അനാബസ് പടുത, അനാബസ് സെമി ഇൻറൻസീവ് തുടങ്ങിയ ഘടക പദ്ധതികളും പി.എം.എം.എസ്.വൈ പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ബയോഫ്ലോക്ക് ഫിഷ് ഫാമിംഗ്, എസ്റ്റാബ്ലിഷ്മെന്റ് ഓഫ് RAS, ത്രീ വീലർ വിത്ത് ഐസ് ബോക്സ്, ബയോ ഫ്ലോക്ക് ഇൻ പോണ്ട്, പ്രൊവൈഡിംഗ് FRP ബോട്സ് (റീ പ്ലെയ്സ്മെന്റ്) ആന്റ് നെറ്റ് ഫോർ ട്രെഡിഷണൽ ഫിഷർമെൻ, എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ബാക്ക് യാർഡ് ഫ്രഷ് വാട്ടർ ഓർണമെന്റൽ ഫിഷ് റിയറിംഗ് യൂണിറ്റ് തുടങ്ങിയ ഘടക പദ്ധതികളും ഉദുമ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് മറൈൻ സ്കീമുകളായ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി, ഇൻസുലേറ്റഡ് ഐസ് ബോക്സ്, സീ സേഫ്റ്റി കിറ്റുകൾ സ്ക്വയർമെഷ് കോഡ് എന്റ്, വാട്ടർ ടാങ്ക്, ചൂണ്ടയും നൂലും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കടൽത്തീരത്തു നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്ന പദ്ധതിയായ പുനർഗേഹം പദ്ധതിയും വകുപ്പ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നതിനോടൊപ്പം പഞ്ഞമാസങ്ങളിൽ സമ്പാദ്യ സുരക്ഷിതത്വം കൂടി ഉറപ്പുവരുത്തുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനായി ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു.<br><br>കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ PMMSY പദ്ധതി മുഖേന 27 ലക്ഷം രൂപയും JMK പദ്ധതി മുഖേന 52 ലക്ഷം രൂപയും ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പുനർഗേഹം പദ്ധതിയ്ക്കായി ഉദുമ മണ്ഡലത്തിലെ 59 ഗുണഭോക്താക്കൾക്കായി 3,86,56,865/-രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി താഴെ പറയുന്ന പ്രകാരമാണ്:<br><br>1.ഉൾനാടൻ മത്സ്യകൃഷി (JMK & PMMSY):ജനകീയ മത്സ്യകൃഷി (JMK), പി.എം.എം.എസ്.വൈ (PMMSY) പദ്ധതികൾ പ്രകാരം അനുവദിച്ച വിവിധ കൃഷി യൂണിറ്റുകൾ (ബയോഫ്ലോക്ക്, കുളങ്ങളിലെ മത്സ്യകൃഷി, കേജ് കൾച്ചർ) മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വിജയകരമായി പൂർത്തിയായി വരുന്നു. നിലവിലെ സാമ്പത്തിക വർഷത്തെ ഗുണഭോക്താക്കൾക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.<br><br>2. സമ്പാദ്യ സമാശ്വാസ പദ്ധതി: 2020-2025 കാലയളവിൽ 2200 ഗുണഭോക്താക്കൾക്കായി അനുവദിച്ച 4,61,52,000/- രൂപയുടെ വിതരണം പൂർത്തിയായിട്ടുണ്ട്. പുതിയ വർഷത്തെ അപേക്ഷകൾ സ്വീകരിച്ച് വരുന്നു.<br><br>3. ഉപകരണ വിതരണവും ഇൻഷ്വറൻസും: ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ, സീ സേഫ്റ്റി കിറ്റുകൾ, വാട്ടർ ടാങ്ക്, ചൂണ്ടയും നൂലും തുടങ്ങിയവയുടെ വിതരണം ഗുണഭോക്തൃ പട്ടിക പ്രകാരം പൂർത്തിയായിട്ടുണ്ട്. യാനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്ന നടപടികൾ കൃത്യമായി നടന്നു വരുന്നു.<br><br>4. പുനർഗേഹം പദ്ധതി: മണ്ഡലത്തിലെ തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ഗുണഭോക്താക്കളിൽ അർഹരായവരെ കണ്ടെത്തി ഭൂമി വാങ്ങുന്നതിനും വീട് നിർമ്മാണത്തിനുമുള്ള ധനസഹായം ഘട്ടംഘട്ടമായി അനുവദിച്ചു വരുന്നു.<br><br>5. ബോധവൽക്കരണ ക്ലാസ്സുകൾ: സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ മണ്ഡലത്തിലെ |

| | |
|---|---|
| | വിവിധ തീരദേശ കേന്ദ്രങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

| ക്രമ നമ്പർ | പദ്ധതി (സ്കൂൾ പ്രവൃത്തികൾ) | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കിഫ്ബി – ജി.എച്ച്.എസ്സ്, പാക്കം – വികസനം | 81.95 | പദ്ധതി പൂർത്തീകരിച്ചു |
| 2 | കിഫ്ബി – യു.പി.എസ്സ്, കീക്കാൻ – വികസനം | 43.89 | പദ്ധതി പൂർത്തീകരിച്ചു |
| 3 | കിഫ്ബി –ജി.എം.യു.പി.എസ്സ്, പളളിക്കര –വികസനം | 187.65 | പദ്ധതി പൂർത്തീകരിച്ചു |
| 4 | കിഫ്ബി –ജി.എഫ്.യു.പി.എസ്സ്, കീഴൂർ – വികസനം | 125.48 | പദ്ധതി പൂർത്തീകരിച്ചു |
| 5 | കിഫ്ബി –ജി.എം.യു.പി.എസ്സ്, അഗസരഹോള –വികസനം | 105.84 | പദ്ധതി പൂർത്തീകരിച്ചു |

**അനുബന്ധം – II**

**ഈ സർക്കാരിന്റെ കാലത്ത് ഉദുമ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ**

---

**തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിർവ്വഹണ പുരോഗതി |
|---|---|---|---|
| **2021-2022** | | | |
| 1 | കടപ്പള്ളം അണിഞ്ഞ കുളിക്കുന്നു റോഡ് | 51.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | കളനാട് വാഴവളപ്പ് അട്ടക്കം റോഡ് | 34.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | പൂച്ചക്കാട് മഹാവിഷ്ണു ടെംപിൾ ദാവൂദ് മഹൽ റോഡ് | 43.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | എരോൽ ചന്ദ്രപുരം റോഡ് | 51.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2022-2023** | | | |
| 5 | കുണ്ടോളംപാറ മുക്കുന്നോത്ക്കാവ് വെടിക്കുന്നു റോഡ് | 63.70 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | പനയാൽ പൊടിപ്പള്ളം റോഡ് | 100.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2023-2024** | | | |
| 7 | എൻ എച്ച് പുതിയവളപ്പ് റോഡ് | 50.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | ആലക്കോട് മേലോത്തുങ്കാൽ കാവുങ്കാൽ റോഡ് | 39.30 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | കരിച്ചേരി അമ്പലത്തുങ്കൽ രാമകുണ്ഡം റോഡ് | 93.60 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2024-25** | | | |
| 10 | ബട്ടത്തൂർ ആറാട്ടുകടവ് പാലക്കുന്ന് റോഡ് | 71.30 | പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | ആലക്കോട് പള്ളത്തിങ്കാൽ റോഡ് -II | 75.00 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | റീച്ച് | | |
| 12 | ഹദാദ് നഗർ – ബിലാൽ നഗർ റോഡ് പള്ളിക്കര ഗ്രാമപഞ്ചായത്ത് | 73.10 | പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്. |
| 13 | ചെമ്പരിക്ക ന്യൂമ്പിൽ പുഴറോഡ് | 50.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2025-26** | | | |
| 14 | ഞെക്ലി ചന്ദ്രപുര റോഡ് | 53.60 | പ്രവൃത്തി ആരംഭിച്ചു |
| 15 | മാങ്ങാട് മേൽ ബാര പൊയിനാച്ചി റോഡ് ഉദുമ ഗ്രാമപഞ്ചായത്ത് | 89.00 | കരാറിൽ ഏർപ്പെട്ട് സൈറ്റ് കരാറുകാരന് കൈമാറി |

**<u>അനുബന്ധം – III</u>**

| ക്രമ നം | പദ്ധതികൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരമുള്ള മത്സ്യബന്ധന വായ്പ | 1.79 |
| 2 | മത്സ്യ കച്ചവട സ്ത്രീകൾക്ക് നൽകി വരുന്ന പലിശ രഹിത വായ്പാ പദ്ധതി | 52.6 |
| 3 | ഗിയർ സബ്സിഡി | 1.40 |
| | ആകെ | 55.79 |

## <u>അനുബന്ധം – IV</u>

| ക്രമനം. | പദ്ധതിയും ഘടകങ്ങളും | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|---|---|
| 1 | ചെറുകിടതൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി(ഡിഎംഇ) | 4 | 11 | 7,94,675/- |
| 2 | സാങ്കേതിക നവീകരണ പദ്ധതി | 7 | 18 | 2,26,375/- |
| 3 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 16 | 35 | 5,75,000/- |
| 4 | ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | 20 | 63 | 48,637/- |
| 5 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 28 | 140 | 33,00,000/- |
| ആകെ | | 75 | 267 | 49,44,687 |